# THE MALANKARA ORTHODOX SYRIAN CHURCH

## KANDANAD EAST DIOCESE

Bishop's House, Cathedral Road
Muvattupuzha - 686 661
Ph: 0485-2832401
E-mail: drthomasathanasius@gmail.com

Metropolitan
Dr. Thomas Athanasius

### അഭി. ഇടവക മെത്രാപ്പോലീത്തയുടെ ആശംസ

നമ്മുടെ പിറവം സെന്റ് മേരീസ് കത്തീഡ്രൽ പുതിയ ഒരു വെബ്സൈറ്റ് ആരംഭിക്കുന്നു എന്ന് അറിയുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. മലങ്കര സഭയിലെ തന്നെ ഏറ്റവും പൗരാണികവും ബൃഹത്തുമായ ഇടവകയുടെ ചരിത്രവും അതിന്റെ നീണ്ടകാല പാരമ്പര്യങ്ങളും പൊതുമധ്യത്തിൽ എത്തിക്കുന്നതിന് ഈ ഉദ്യമം നിശ്ചയമായും സഹായിക്കും എന്ന് ഞാൻ കരുതുന്നു. ഈ ഇടവകയുടെ മറ്റ് വിശദാംശങ്ങൾ പൊതുസമൂഹത്തിന് അറിയുന്നതിനും ഇത് സഹായകമാകും. ഈ ദേവാലയത്തിന്റെ ദീർഘകാല ചരിത്രവും ഇത് ഉയർത്തിപ്പിടിക്കുന്ന സംസ്കാരവും മതമൈത്രീമൂല്യങ്ങളും, വിശാലവീക്ഷണവുമൊക്കെ ജനങ്ങളിൽ എത്തേണ്ടതും വളരെ ആവശ്യമാണ്. ഇത് കൂടാതെ ഇടവകയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ആരാധന-ശുശ്രൂഷകൾ, വിവിധ ആധ്യാത്മീക പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്ന പരിപാടികൾ, ഇടവകയിൽ നിന്നും ഉള്ള അറിയിപ്പുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഇടവകാംഗങ്ങളിൽ ഇതുവഴി എത്തുന്നതും ഇടവക ശുശ്രൂഷയെ കൂടുതൽ കാര്യക്ഷമമാക്കും എന്നതിനും സംശയമില്ല. വാർത്താവിനിമയ രംഗത്തുണ്ടാകുന്ന ഇത്തരത്തിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഇടവകയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും ഫലപ്രദമായ ദൗത്യനിർവ്വഹണത്തിനും ഇടവകയുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്. ഈ സംരംഭം വഴി അത് നിർവ്വഹിക്കപ്പെടുവാൻ എല്ലാവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഈ സംരഭത്തിന് നേതൃത്വം നൽകുന്ന വന്ദ്യ വൈദികർ, ഭരണസമിതി അംഗങ്ങൾ, ഭക്തസംഘടനകൾ തുടങ്ങി ഇതിന്റെ വിജയത്തിനായി സാങ്കേതിക കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. നിങ്ങളുടെ അധ്വാനം ദൈവസന്നിധിയിൽ അംഗീകരിക്കപ്പെടട്ടെ. ഇടവകയുടെ ഈ ഉദ്യമത്തിന് എല്ലാ ആശംസകളും നേരുന്നു.

മൂവാറ്റുപുഴ അരമനയിൽ നിന്നും,

23.8.2023.

ഡോ. തോമസ് അത്താനാസിയോസ്
മെത്രാപ്പോലീത്ത

KANDANAD
DIOCESE
1990

THOMAS ATHANASIUS METROPOLITAN